പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5839 — 06-07-2012 - ൽ മറുപടിയ്ക്ക്

(റവന്യൂവും കയറും വകുപ്പുമന്ത്രി 09-07-2012-ൽ മറുപടി നൽകേണ്ടിയിരുന്നത്)

## കോഴിക്കോട് കോട്ടൂളി വില്ലേജിലെ തണ്ണീർത്തടങ്ങൾ ഏറ്റെടുക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പ്രദീപ്കുമാർ | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| കോഴിക്കോട് താലൂക്കിൽ കോട്ടൂളി വില്ലേജിൽപ്പെട്ട തണ്ണീർത്തടങ്ങൾ സർക്കാർ ഏറ്റെടുക്കണമെന്ന് അപേക്ഷിച്ചുകൊണ്ടുള്ള കോട്ടൂളി വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ തീയതികൾ സഹിതം വിശദമാക്കുമോ ? | കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് സമർപ്പിച്ച ഒരു പരാതിയിന്മേൽ 23-11-2011-നാണ് കോട്ടൂളി വില്ലേജിലെ തണ്ണീർത്തടങ്ങൾ സർക്കാർ ഏറ്റെടുക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് വില്ലേജാഫീസർ റിപ്പോർട്ട് സമർപ്പിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് തഹസീൽദാർ 23-11-2011-ലെ അ:ഔ:കത്ത് പ്രകാരം കോഴിക്കോട് എൽ.ആർ.ഡെപ്യൂട്ടി കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.<br><br>കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ കോട്ടൂളി, വേങ്ങേരി വില്ലേജുകളിലായി സ്ഥിതി ചെയ്യുന്ന തണ്ണീർത്തടങ്ങളും കണ്ടൽക്കാടുകളും ഉൾപ്പെട്ട വിസ്തൃതമായ ഭൂപ്രദേശമാണ് കോട്ടൂളി നീർത്തടം. ടി പ്രദേശത്ത് ടൂറിസം വകുപ്പിന്റെ കീഴിൽ സരോവരം എന്ന പേരിൽ ഒരു ജൈവ പാർക്ക് സ്ഥാപിയ്ക്കുന്നതിന്റെ ഒന്നാം ഘട്ടം പൂർത്തിയായിട്ടുണ്ട്. കണ്ടൽക്കാടുകളും തണ്ണീർത്തടങ്ങളും സംരക്ഷിച്ചുകൊണ്ടുള്ള പദ്ധതിയാണ് സരോവരം പദ്ധതി. മേൽ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഹാജരാക്കുവാൻ ടൂറിസം വകുപ്പ് ജോയിന്റ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുള്ളതും ആയത് ലഭ്യമാക്കിയ ശേഷം തുടർ നടപടികൾ സ്വീകരിയ്ക്കുന്നതുമാണെന്ന് ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.